(ഡി) കാർഷിക മേഖലയിൽ ഒരു ലക്ഷം യുവതീയുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 1993-94-ൽ ആരംഭിച്ച പദ്ധതിയാണ്. പദ്ധതിയംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും വായ്പാ സൗകര്യങ്ങൾക്കുള്ള സഹായവും കൃഷി ഭവൻ തലത്തിൽ നല്കി വരുന്നുണ്ട്. ഈ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ നോമിനിക്ക് 25,000 രൂപ (ഇരുപത്തി അയ്യായിരം രൂപ) വീതം ആനുകൂല്യം നല്കി വരുന്നുണ്ട്. 14-10-2010-ലെ സ.ഉ.(എംഎസ്.)272/10/കൃഷി, നമ്പർ ഉത്തരവുപ്രകാരം പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞുപോകാനാഗ്രഹിക്കുന്നവർക്കും മറ്റു തൊഴിൽ ലഭിച്ചു പോയവർക്കും 5,000 രൂപ (അയ്യായിരം രൂപ മാത്രം) ധനസഹായം നല്കാൻ ഉത്തരവായിട്ടുണ്ട്. പദ്ധതി പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം

223 (1192) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) കേന്ദ്ര സഹായ പദ്ധതികളുടെ നടത്തിപ്പിൽ പുരോഗതി കുറവാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേന്ദ്ര സഹായ പദ്ധതികളുടെ നടപ്പ് സാമ്പത്തിക വർഷത്തെ അടങ്കൽ എത്രയാണ് ;

(ഡി) അതിൽ എന്തു തുക ചെലവഴിച്ചെന്നും, കൈവരിച്ച ഭൗതിക നേട്ടം എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി ഭവനുകൾ വഴി നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടറും നടത്താറുണ്ട്. ഇതിനുപുറമേ സർക്കാർ തലത്തിലും പദ്ധതികളുടെ അവലോകനം നടത്താറുണ്ട്.

(ബി) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ പുരോഗതി കുറവാണെന്ന് കാണുന്ന സന്ദർഭങ്ങളിൽ അത്തരം പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY KERALA LEGISLATIVE ASSEMBLY

(സി) കൃഷി വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പ് വർഷത്തിൽ 2,545 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) 2011 ജനുവരി മാസം വരെ 1168.92 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ പദ്ധതികളുടെ 80 ശതമാനത്തോളം ഭൗതികനേട്ടം കൈവരിച്ചിട്ടുണ്ട്.

കിസാൻ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നതിന് നടപടി

224 (1193) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിസാൻ ക്രെഡിറ്റ് കാർഡ് ആകെ എത്ര കർഷകർക്കാണ് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) മൊത്തം കർഷകരിൽ എത്ര ശതമാനം പേർക്കാണ് ഇത്തരം ക്രെഡിറ്റ് കാർഡുകൾ നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ക്രെഡിറ്റ് കാർഡ് ലഭ്യമാക്കിയിട്ടുള്ള കർഷകരിൽ എത്ര പേരാണ് പ്രസ്തുത കാർഡ് ഉപയോഗിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും ക്രെഡിറ്റ് കാർഡ് ലഭ്യമാക്കാനും കൂടുതൽ പേർ പ്രസ്തുത കാർഡ് ഉപയോഗിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) സംസ്ഥാനത്തെ മുഴുവൻ കർഷകരുടെയും കണക്ക് ശേഖരിക്കുന്നതിന് എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി ഭവൻ മുഖേന കർഷകരുടെ കണക്കുകൾ ശേഖരിച്ച് ജില്ലാ കൃഷി ഓഫീസിൽ ക്രോഡീകരിക്കുകയും ചെയ്തതിനുശേഷം അതാത് ജില്ലകളുടെ ലീഡ് ഡിസ്ട്രിക്റ്റ് മാനേജർക്ക് നൽകുന്നതാണ്. ഇത് കൂടാതെ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിക്ക് പ്രചാരണം നൽകുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയുടെ കാരണങ്ങൾ

225 (1194) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയുടെ കാരണങ്ങളെക്കുറിച്ച് സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

LIBRARY ASSEMBLY KERALA NIYAMASABHA